പതിനാലാം കേരളനിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6654 — 04/04/2018 -ൽ മറുപടിയ്ക്ക്

## സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ കൂടുതൽ കുട്ടികളെ എത്തിക്കുന്നതിന് തീവ്രയജ്ഞ പരിപാടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.ടി. തോമസ് | പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) സർക്കാർ എയ്ഡഡ് സ്കൂളുകളിൽ അടുത്ത അദ്ധ്യയന വർഷം കൂടുതൽ കുട്ടികളെ എത്തിക്കുന്നതിന് തീവ്രയജ്ഞ പരിപാടി ആരംഭിച്ചിട്ടുണ്ടോ; | (എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി പൊതു വിദ്യാഭ്യാസ മേഖലയിൽ സമഗ്രമായ മാറ്റങ്ങൾ വരുത്തുന്നതിനു വേണ്ടി വിവിധ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുള്ളതിനൊപ്പം മികവുത്സവം, രക്ഷാകർതൃ ബോധവൽക്കരണം, ഗൃഹസന്ദർശനം തുടങ്ങിയ പരിപാടികൾ മധ്യവേനലവധിക്കാലത്ത് നടപ്പിലാക്കിക്കൊണ്ട് കുട്ടികളെ സ്കൂളുകളിൽ എത്തിക്കുന്നതിന് തിവ്ര യജ്ഞ പരിപാടികൾ നടന്നു വരുന്നു. |
| (ബി) മദ്ധ്യവേനലവധിക്കാലത്ത് സർക്കാർ സ്കൂളുകളുടെ അറ്റകുറ്റപണി പൂർത്തിയാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടോ; | (ബി) കേരള സംസ്ഥാനത്തിലെ മുഴുവൻ സർക്കാർ/എയ്ഡഡ്/അംഗീകൃത അൺ-എയ്ഡഡ് സ്കൂളുകളിലെ കെട്ടിടങ്ങളുടെ സുരക്ഷിതത്വം ഉറപ്പ് വരുത്തുന്നതിന് ബന്ധപ്പെട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ/ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ എന്നിവർക്ക് ആവശ്യ നടപടികൾ സ്വീകരിക്കുവാൻ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. അതാത് ജില്ലയിലെ ഓഫീസർമാരുടെ അധികാര പരിധിയിൽ വരുന്ന സ്കൂളുകളിൽ ഏതെങ്കിലും സ്കൂൾ ഉപയോഗമല്ലാത്തതോ, ജീർണ്ണാവസ്ഥയിലുള്ളതോ, മഴക്കാലത്ത് പഠന പ്രവർത്തനം നടത്താനാവാത്തതോ ഉണ്ടോ എന്ന് പരിശോധന നടത്തി ഇത്തരത്തിൽ ഏതെങ്കിലും സ്കൂൾ കെട്ടിടം നിലവിലുണ്ടെങ്കിൽ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ അധികാരികളുമായോ ജില്ലാ പഞ്ചായത്തുമായോ ബന്ധപ്പെട്ട് അപാകതകൾ പരിഹരിച്ച് വിദ്യാർത്ഥികളുടെ സുരക്ഷിതത്വം ഉറപ്പാക്കാനും അടിയന്തിര സാഹചര്യം നിലനിൽക്കുന്ന |

| | | | |
|---|---|---|---|
| | | | വിഷയങ്ങൾ വിദ്യാഭ്യാസ ഉപ ഡയറക്ടർ മാർ മുഖേന ജില്ലാ കളക്ടറുടെ ശ്രദ്ധയിൽ കൊണ്ടുവന്ന് ആവശ്യമായ നടപടികൾ ത്വരിതപ്പെടുത്തുവാനും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | 3,5,8 എന്നീ ക്ലാസ്സുകളിലെ പഠന നിലവാരം ഉയർത്തുന്നതിന് ആവിഷ്കരിച്ച ശ്രദ്ധ പദ്ധതി വിജയപ്രദമാണോ; | (സി) | 3,5,8 എന്നീ ക്ലാസ്സുകളിലെ പഠന നിലവാരം ഉയർത്തുന്നതിന് ആവിഷ്കരിച്ച 'ശ്രദ്ധ' പദ്ധതി വിജയപ്രദമാണ് |
| (ഡി) | ആവശ്യത്തിന് അദ്ധ്യാപകരില്ലാത്ത സ്കൂളുകളിൽ അടുത്ത അദ്ധ്യയന വർഷത്തിന്റെ തുടക്കത്തിൽ സ്ഥിര/ദിവസവേതന അടിസ്ഥാനത്തിൽ അദ്ധ്യാപകരെ നിയമിക്കുന്നതിന് പ്രത്യേക ശ്രദ്ധ ചെലുത്തുമോ; | (ഡി) | ആവശ്യത്തിന് അദ്ധ്യാപകരില്ലാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടാൽ അക്കാര്യം പരിശോധിക്കുന്നതാണ്. |
| (ഇ) | സർക്കാർ ജീവനക്കാർ, പൊതു പ്രവർത്തകർ, ജനപ്രതിനിധികൾ എന്നിവരുടെ കുട്ടികളെ അടുത്ത അദ്ധ്യയന വർഷം പൊതുവിദ്യാലയങ്ങളിൽ എത്തിക്കുന്നതിന് പ്രത്യേക ശ്രദ്ധ ചെലുത്തുമോ? | (ഇ) | സർക്കാർ ജീവനക്കാർ, പൊതു പ്രവർത്തകർ, ജനപ്രതിനിധികൾ എന്നിവരുടെ കുട്ടികളെ അടുത്ത അദ്ധ്യയന വർഷം പൊതുവിദ്യാലയങ്ങളിൽ തന്നെ ചേർത്ത് പഠിപ്പിക്കണമെന്ന് ഉത്തരവ് പുറപ്പെടുവിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല |

സെക്ഷൻ ഓഫീസർ